വാങ്ങാവുന്നതാണ്. മേൽ റെഗുലേഷൻ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ അപേക്ഷയിന്മേൽ ഓപ്പൺ ആക്സസ് അനുവദിക്കുന്നുണ്ട്. ഇതിനായി വൻകിട ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ടി റഗുലേഷന് അനുസൃതമായി വൈദ്യുതി ബോർഡ് സമയബന്ധിതമായി അനുമതി നൽകി വരുന്നു. എസ്.എൽ.ഡി.സി-യിൽ നിന്ന് ഓപ്പൺ ആക്സസിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്."

(ഡി) പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ശൃംഖലയുടെ ശേഷിയേക്കാൾ കൂടുതൽ വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരേണ്ടതായ സാഹചര്യമുണ്ടായാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻകണക്ടിവിറ്റി ആന്റ് ഇൻട്രാസ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം സംസ്ഥാനത്തിന് അകത്തുനിന്നും പുറമെനിന്നും വൈദ്യുതി വാങ്ങുന്നതിനും വിൽക്കുന്നതിനും (ഡിസ്ട്രിബ്യൂഷൻ ലൈസൻസിയെ പരിഗണിച്ചശേഷം) ഉപഭോക്താക്കൾക്ക് ഓപ്പൺ ആക്സസ് അനുമതി നൽകി വരുന്നുണ്ട്. ഇത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല.

ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

20 (*50) ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയോജിത പ്രവർത്തനം പ്രാബല്യത്തിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

- വിദ്യാഭ്യാസപരമായി പട്ടികവർഗ്ഗ വിഭാഗത്തിന് പുരോഗതി കൈവരിക്കാനാകുന്നുവെന്ന് വിവിധ യോഗ്യത നേടുന്നവരുടെ എണ്ണം തെളിയിക്കുന്നു.

- ഭൗതിക പശ്ചാത്തല മേഖലകളിലും സാമ്പത്തിക മേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി വാസയോഗ്യമായ വീട്, സഞ്ചാര യോഗ്യമായ റോഡ്, പാലം, വൈദ്യുതീകരണം, കുടിവെള്ളം എത്തിക്കൽ, കമ്മ്യൂണിറ്റി ഹാൾ, സഹായി സെന്ററുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും സ്വയംതൊഴിൽ പദ്ധതികളും വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കുവാനായിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതവും പുരോഗതിയും ചുവടെ ചേർത്തിരിക്കുന്നു:

വർഷം	പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി വിഹിതം (ലക്ഷം രൂപ)	പദ്ധതി പുരോഗതി (ലക്ഷം രൂപ)	ശതമാനം
2011-12	16263.02	15316.76	94.18
2012-13	19650.76	19500.21	99.23
2013-14	29980.1	29092.21	97.04
2014-15	46449.2	40992.4	88.1
2015-16 (31-1-2016)	46366.34	31958.59	68.93

ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ് ഇൻ എയിഡ് അണ്ടർ ആർട്ടിക്കിൾ 275(1), പ്രത്യേക കേന്ദ്രസഹായ പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികോന്നമന പരിപാടികൾക്കും സമഗ്ര വികസനത്തിനും ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി:- പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 524 ഗുണഭോക്താക്കൾക്ക് 184.901 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കിവരുന്നു.

- സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി :- 2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവന രഹിതരും ഭവന നിർമ്മാണത്തിന് സ്ഥലസൗകര്യമുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതിൽ മുഴുവൻ പേർക്കും മിഷൻ 676 പദ്ധതിയിലൂടെ വിവിധ പദ്ധതികൾ വഴി വീട് അനുവദിച്ച് (വീട് ഒന്നിന് 3.50 ലക്ഷം രൂപ നിരക്കിൽ) ഭവന നിർമ്മാണ പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

- ഹാംലെറ്റ് വികസന പദ്ധതി:- പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളേയും മുൻനിർത്തി 2013-14 വർഷം മുതൽ നാളിതുവരെ 47 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയ്ക്കും 100 ലക്ഷം രൂപ ചെലവിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- നബാർഡ്: പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 189 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയ 181.71 കോടി രൂപയിൽ മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

- ജനനി ജന്മ രക്ഷ: 2013-14 വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിൽ ഗർഭിണിയായി മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സുവരെ (18 മാസത്തേയ്ക്ക്) പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. നാളിതുവരെ 11850 പേർക്ക് ടി സഹായം ലഭിച്ചു.

- സമഗ്ര ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി ചികിൽസാ ധനസഹായം നൽകി വരുന്നു. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവയും നടപ്പിലാക്കിവരുന്നു.

- സിക്കിൾസെൽ അനീമിയ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിരുന്നത് 1-1-2016 മുതൽ 2000 രൂപയായി വർദ്ധിപ്പിച്ചു. നാളിതുവരെ 593 പേർക്ക് ധനസഹായം നൽകിവരുന്നു.

- മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ.എസ്/ ആശ്രമസ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

• ഗോത്ര സാരഥി: - 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ ന്നാളിതുവരെ 30,000 കുട്ടികൾക്ക് യാത്രാസൗകര്യം നൽകിവരുന്നു.

• പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തുവരുന്നു. നാളിതുവരെ 979 കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

• കൈതാങ്ങ്:- 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 979 കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

• എ.റ്റി.എസ്.പി:- 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 14 ബ്ലോക്ക് പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 13,575 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

• 2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 65 കോടി രൂപ ചെലവിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

• പ്രാക്തന ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ.

പതിമൂന്നാം ധനകാര്യ കമ്മിഷൻപ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി 148 കോടിയും കൺസർവേഷൻ കം ഡെവലപ്മെന്റ് പ്ലാൻ (സി.സി.ഡി.) പദ്ധതി വഴി ലഭിച്ച 12 കോടി രൂപ ഉൾപ്പെടെ 160 കോടി രൂപ ചെലവഴിച്ച് 2018 പേർക്ക് ഭവന നിർമ്മാണം ഉൾപ്പെടെ വിവിധ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പൂർത്തീകരണ വേളയിലാണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പട്ടികവർഗ്ഗക്കാർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെങ്കിലും ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം കൂടി സാധ്യമാക്കുന്നുണ്ട്.

(സി) ആദിവാസികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി യോജിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരികയാണ്.